**മധുരമായ കുട്ടികളെ - ഓർമ്മയോടൊപ്പം പഠിപ്പിലും പൂർണ്ണ ശ്രദ്ധ നൽകണം ഓർമ്മയിലൂടെ പാവനമായി മാറുകയും പഠിപ്പിലൂടെ വിശ്വത്തിന്റെ അധികാരിയായിത്തീരുകയും ചെയ്യും.**

**ചോദ്യം -** സ്കോളർഷിപ്പ് നേടുന്നതിനുവേണ്ടി ഏത് പുരുഷാർത്ഥം അത്യാവശ്യമാണ്?
**ഉത്തരം -** സ്കോളർഷിപ്പ് നേടുന്നതിനുവേണ്ടി സർവ്വ വസ്തുക്കളോടുമുള്ള മമത്വത്തെ ഇല്ലാതാക്കണം. ധനം, കുട്ടികൾ, വീട്, ഇതൊന്നും തന്നെ ഓർമ്മയിലേക്ക് വരരുത്. ശിവബാബയുടെ മാത്രം ഓർമ്മയുണ്ടായിരിക്കണം, പൂർണ്ണമായും സ്വാഹായാകണം, അപ്പോൾ ഉയർന്ന പദവിയുടെ പ്രാപ്തിയുണ്ടാകും. ഞാൻ എത്ര വലിയ പരീക്ഷയാണ് പാസ്സാകുന്നത്, ബുദ്ധിയിൽ ഈ ലഹരിയുണ്ടായിരിക്കണം. നമ്മുടേത് എത്ര വലിയ പഠിപ്പാണ്, മാത്രമല്ല പഠിപ്പിക്കുന്നത് സ്വയം ദുഖത്തെ ഇല്ലാതാക്കി സുഖം തരുന്ന ബാബയാണ്, ആ അതിസ്നേഹിയായ ബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിതരികയാണ്, പഠിപ്പിക്കുകയാണെങ്കിൽ കുട്ടികൾക്കെത്ര ലഹരി ഉണ്ടായിരിക്കണം. പഠിക്കുന്നത് ആത്മാവാണല്ലോ. ആത്മാവാണ് സംസ്ക്കാരം കൊണ്ട് പോകുന്നത്, ശരീരം ചാരമാവുകയും ചെയ്യും. അതിനാൽ ബാബ കുട്ടികളെ പഠിപ്പിക്കുകയാണ്. ഞങ്ങൾ യോഗം പഠിക്കുകയാണെന്ന് ആത്മാക്കൾ മനസ്സിലാക്കുന്നു. ബാബ പറയുകയാണ് ഓർമ്മയിലിരിക്കുന്നതിലൂടെ നിങ്ങളുടെ പാപം ഇല്ലാതാകും. പതീത പാവനൻ ഒരു ബാബയാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കറിനെ ഒരിക്കലും പതീത പാവനൻ എന്ന് പറയുകയില്ല. ലക്ഷ്മീ നാരായണനെയും പറയുകയില്ല. പതീത പാവനൻ ഒന്ന് മാത്രമാണ്. മുഴുവൻ ലോകത്തെയും പാവനമാക്കുന്നതും ഒരാളാണ്. കുട്ടികൾക്കറിയാം പരിധിയില്ലാത്ത അച്ഛൻ അതിസ്നേഹിയാണ്, അല്ലയോ ഭഗവാനെ വരൂ, വന്ന് ദുഖത്തെ ഇല്ലാക്കി സുഖം നൽകൂ, ഇങ്ങനെ ഭക്തിമാർഗത്തിൽ ഓർമ്മിച്ചു വന്നതും ബാബയെ തന്നെയാണ്. അത് തന്നെയാണ് സൃഷ്ടി. ഈ ചക്രത്തിൽ എല്ലാവർക്കും വരുക തന്നെ വേണം. 84 ജന്മത്തിന്റെ ചക്രവും ബാബ തന്നെയാണ് മനസ്സിലാക്കിതന്നത്. ആത്മാവുതന്നെയാണ് സംസ്ക്കാരം കൊണ്ടുപോകുന്നത്. മൃത്യുലോകത്തിൽ നിന്നും അമരലോകത്തിലേക്ക് അഥവാ നരകത്തിൽ നിന്നും സ്വർഗത്തിലേക്ക് പോകുന്നതിനുവേണ്ടിയാണ് നമ്മൾ പഠിക്കുന്നതെന്ന് ആത്മാവിനറിയാം. നിങ്ങൾ കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റാൻ വേണ്ടിയാണ് ബാബ വന്നിരിക്കുന്നത്. എത്ര വലിയ പരീക്ഷയാണ് നിങ്ങൾ പാസാകുന്നത് . ഉയർന്നതിലും ഉയർന്ന ബാബയാണ് പഠിപ്പിക്കുന്നത്. ബാബ പഠിപ്പിക്കുന്ന സമയത്ത് ലഹരി വർദ്ധിക്കണം. ബാബ വളരെ തീവ്രഗതിയിലൂടെ ലഹരി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അമരലോകത്തിലേക്ക് യോഗ്യരാക്കാനാണ് ബാബ വന്നിരിക്കുന്നത്. ഇവിടെ ഒരാളും യോഗ്യരല്ല. യോഗ്യരായ ദേവതകളുടെ മുന്നിൽ തലകുനിച്ച് വന്നവരാണെന്ന് നിങ്ങൾക്കറിയാം . ഇപ്പോൾ ബാബ വീണ്ടും നമ്മളെ മുഴുവൻ വിശ്വത്തിന്റെയും അധികാരിയാക്കി മാറ്റുകയാണ്. അപ്പോൾ ലഹരികൂടണം. ഇവിടെ ഇരിക്കുമ്പോൾ ലഹരിയുണ്ട്, പുറത്തുപോകുമ്പോൾ ലഹരി കുറഞ്ഞുപോകുന്നു, ഇങ്ങനെയായിരിക്കരുത്. ബാബാ ഞങ്ങൾ അങ്ങയെ മറന്നു പോകുന്നു എന്നാണ് കുട്ടികൾ പറയുന്നത്. അങ്ങ് പതീതലോകത്തിൽ പതീത ശരീരത്തിൽ വന്ന് ഞങ്ങളെ പഠിപ്പിക്കുന്നു, വിശ്വത്തിന്റെ അധികാരിയാക്കിമാറ്റുന്നു. വിശ്വത്തിന്റെ ചക്രവർത്തി പദവിയാകുന്ന ഏറ്റവും വലിയ ലോട്ടറി നേടുന്നത് നിങ്ങൾ കുട്ടികളാണ്. പക്ഷെ നിങ്ങൾ ഗുപ്തമാണ്. ഈ പഠിപ്പിൽ വളരെ ശ്രദ്ധ നൽകണം. കേവലം ഓർമ്മയിലൂടെ മാത്രം കാര്യം സാധ്യമല്ല, പഠനം അത്യാവശ്യമാണ്. 84 ജന്മം എങ്ങനെയാണ് എടുക്കുന്നതെന്ന് ബുദ്ധിയിൽ കറക്കണം.

ബാബ വളരെ ശക്തിയോടെയാണ് ലഹരി കയറ്റുന്നതെന്ന് കുട്ടികൾക്കറിയാം. നിങ്ങൾ മനുഷ്യരിൽ നിന്നും ദേവതയായി മാറുന്നവരാണ്, നിങ്ങളെ പോലെ വലിയവർ മററാരും തന്നെയില്ല. കേവലം നിങ്ങളല്ലാതെ മറ്റാരാണ് വിശ്വത്തിന്റെ അധികാരിയായിമാറുക. വിശ്വത്തിന്റെ അധികാരിയായി മാറുന്നതിന് ക്രിസ്ത്യാനികൾ പരിശ്രമിക്കുന്നുണ്ട്, എന്നാൽ ഇത് നിയമമല്ല, കേവലം നിങ്ങളല്ലാതെ മറ്റാരും വിശ്വത്തിന്റെ അധികാരിയായി മാറുകയില്ല. അധികാരിയാക്കാൻ ബാബ തന്നെ വേണം. മറ്റാർക്കും തന്നെ ശക്തിയില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധി വളരെ ശുദ്ധമായിരിക്കണം. ജ്ഞാനാമൃതത്തിന്റെ ശക്തി കയറിക്കൊണ്ടിക്കണം. ഞാൻ സദാ ബാബയെ ഓർമ്മിക്കുന്നുണ്ട് എന്നും പറഞ്ഞിരിക്കരുത്. ഓർമ്മയിലൂടെ പാവനമായിത്തീരും, പക്ഷേ പദവിയും നേടണം. കഷ്ടം സഹിച്ചാണെങ്കിലും എല്ലാവർക്കും പാവനമായിത്തീരണം. ബാബ വിശ്വത്തിന്റെ അധികാരിയാക്കാൻ വന്നിരിക്കുകയാണ്, അതിനാൽ

എല്ലാവരും ശാന്തിധാമത്തിലേക്ക് പോകും. കേവലം എല്ലാവർക്കും അവിടെ പോയിരിക്കണോ? അവിടെ ഒരു ജോലിയുമില്ല. സ്വർഗത്തിൽ രാജ്യം ഭരിക്കുന്നവർക്കാണ് ജോലിയുള്ളത്. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് സ്വർഗത്തിലെ രാജ്യപദവി നേടാനാണ്. നിങ്ങൾക്ക് രാജ്യപദവിയുണ്ടായിരുന്നു, പിന്നീട് മായ തട്ടിയെടുത്തു. നിങ്ങൾക്കിപ്പോൾ വിശ്വത്തിന്റെ അധികാരിയായി മാറണം, അതിനാൽ മായാ രാവണനുമേൽ വിജയം നേടണം. ഇപ്പോൾ നിങ്ങൾ രാവണന്റെ മേൽ വിജയം നേടുകയാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾ രാവണ രാജ്യത്തിൽ വികാരിയായിത്തീർന്നു അതിനാൽ മനുഷ്യനെ കുരങ്ങനുമായി താരതമ്യം ചെയ്യുന്നു. കൂടുതൽ വികാരമുള്ളത് കുരങ്ങനിലാണ്. ദേവതകൾ സമ്പൂർണ്ണ നിർവ്വികാരികളാണ്. 84 ജന്മങ്ങൾക്ക് ശേഷം ദേവതകൾ തന്നെയാണ് പതീതമായി മാറുന്നത്. ധനം, കുട്ടികൾ, ശരീരം മുതലായ എന്തെല്ലാം നിങ്ങൾക്കുണ്ടോ, അതിൽ നിന്നെല്ലാം മമത്വം ഇല്ലാതാക്കണമെന്നാണ് ബാബ പറയുന്നത്. ധനത്തിന്റെ പുറകെ പോയി ധനികർ മരിക്കുന്നു. കൈയിലുള്ള പണം ഉപേക്ഷിക്കുന്നില്ല. രാവണന്റെ ജയിലിൽ കുടുങ്ങിയിരിക്കുകയാണ്. കോടികളിൽ ചിലരാണ് എല്ലാ വസ്തുക്കളിൽ നിന്നും മമത്വം ഇല്ലാതാക്കി കുരങ്ങനിൽ നിന്നും ദേവതയായി മാറുന്നത്. കൈപിടിയിൽ പണം പിടിച്ചിരിക്കുന്ന ലക്ഷപ്രഭുക്കന്മാരുടെ ജീവൻ പണത്തിനു പുറകെയാണ്. മുഴുവൻ ദിവസവും  വീടിനെക്കുറിച്ചും കുട്ടികളെക്കുറിച്ചും സദാ ചിന്തിച്ചുകൊണ്ടിരിക്കും. അതിന്റെ ഓർമ്മയിൽ മരിക്കുകയും ചെയ്യും. ബാബ പറയുകയാണ് മുന്നോട്ട് പോകുമ്പോൾ ഒരു വസ്തുവിന്റെയും ഓർമ്മ വരരുത്. കേവലം എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ ജന്മ-ജന്മാന്തരങ്ങളിലെ പാപം നശിച്ചുപോകും. പാപത്തിന്റെ പൈസ ആയതുകൊണ്ട്  സമ്പന്നരുടെ സമ്പത്തെല്ലാം മണ്ണിലേക്ക് പോകും. സമയത്തിന് ഉപകരിക്കുകയില്ല. ബാബ പറയുകയാണ് ഞാൻ പാവങ്ങൾക്കൊപ്പമാണ്,  ദരിദ്രരെ സമ്പന്നരും സമ്പന്നരെ ദരിദ്രരും ആക്കുന്നു. ഈ ലോകം മാറുക തന്നെ വേണം. ഞങ്ങൾക്കിത്രയും ധനം, എയ്റോപ്ലെയ്ൻ, വാഹനം, കൊട്ടാരം........എന്നതിന്റെയെല്ലാം ലഹരി വളരെയെറെയുണ്ടാകുന്നു. എന്നിട്ടും ബാബയെ ഓർമ്മിക്കുന്നതിനുവേണ്ടി എത്രയാ തലയിട്ടുടക്കുന്നത്, പക്ഷേ ഓർമ്മ നില്ക്കുന്നില്ല. കോടിയിൽ ചിലരെ വരുന്നുള്ളു എന്ന നിയമം പറയരുത്. ധനത്തെയാണ് ഓർമ്മിച്ചുകൊണ്ടിരിക്കുന്നത്. ദേഹസഹിതം എന്തെല്ലാം കാണുന്നുണ്ടോ അതെല്ലാം മറക്കാനാണ് ബാബ പറയുന്നത്. ഇതിൽ കുടുങ്ങി പോയാൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ബാബ പുരുഷാർത്ഥം ചെയ്യിപ്പിക്കുകയാണ്. നരനിൽ നിന്നും നാരായണനായി മാറാൻ വേണ്ടിയാണ് നിങ്ങളിവിടെ വന്നിരിക്കുന്നത്. അതുകൊണ്ട് പൂർണ്ണമായ യോഗം വേണം. ഒരു ശിവബാബയെ അല്ലാതെ ഏതെങ്കിലും വസ്തു, ധനം, കുട്ടികൾ മുതലായവരെ ഓർമ്മ വരരുത്, അപ്പോൾ നിങ്ങൾക്ക് ഉയർന്ന സ്ക്കോളർഷിപ്പും സമ്മാനവും നേടാൻ സാധിക്കും. മറ്റുള്ളവർ വിശ്വത്തിൽ ശാന്തിക്കായുള്ള അഭിപ്രായം പറയുമ്പോൾ സാധാരണ മെഡൽ ലഭിക്കുന്നു. അതിൽ സന്തോഷിക്കുന്നു. നിങ്ങൾക്കിപ്പോൾ എന്ത് സമ്മാനമാണ് ലഭിച്ചിരിക്കുന്നത്? നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറിയിരിക്കുന്നു. 5-6 മണിക്കൂർ ഓർമ്മയിൽ ഇരുന്നാൽ നമുക്ക് ലക്ഷ്മി നാരയണനായി മാറാം എന്നല്ല. വളരെയധികം പരിശ്രമം ചെയ്യണം. ഒരു ബാബയെ അല്ലാതെ വേറൊന്നും ഓർമ്മ വരരുത്. ഉയർന്നതിലും ഉയർന്ന ദേവതയായി മാറികൊണ്ടിരിക്കുകയാണ്.

ബാബ മനസ്സിലാക്കിതരുകയാണ് നിങ്ങൾ പൂജ്യരായിരുന്നു, പിന്നീട് മായ നിങ്ങളെ പൂജാരിയാക്കി മാറ്റി. ബ്രഹ്മാവിനെ ദേവതയെന്നാണോ അതോ ഭഗവാൻ എന്നാണോ അംഗീകരിക്കുന്നതെന്ന് ആരെങ്കിലും നിങ്ങളോട് ചോദിക്കുകയാണെങ്കിൽ ബ്രഹ്മാവ് ഭഗവാനാണെന്ന് ഞങ്ങൾ പറയുന്നില്ല എന്ന് അവരോട് പറയൂ. നിങ്ങൾ വന്ന് മനസ്സിലാക്കൂ. നല്ല നല്ല ചിത്രങ്ങൾ നിങ്ങളുടെ പക്കലുണ്ട്. ത്രിമൂർത്തി, സൃഷ്ടിചക്രം, കല്പവൃക്ഷം എല്ലാം വളരെ നല്ല ചിത്രങ്ങളാണ്. തുടക്കത്തിൽ ഈ രണ്ട് ചിത്രങ്ങളെ ഉണ്ടായിരുന്നുള്ളു, ഇത് നിങ്ങൾക്ക് വളരെയധികം കാര്യത്തിലേക്ക് കൊണ്ട് വരാൻ സാധിക്കും. ലക്ഷ്മി നാരയണന്റെ ചിത്രം നിങ്ങൾ വിദേശത്തേക്ക് കൊണ്ടുപോകൂ, അതിൽ നിന്ന് ജ്ഞാനം എടുക്കാൻ സാധിക്കില്ല. ത്രിമൂർത്തി, സൃഷ്ടിചക്രം, കല്പവൃക്ഷം ഇതാണ് ഏറ്റവും മുഖ്യം. ആരെല്ലാം എപ്പോഴാണ് വരുന്നത്, എപ്പോഴാണ് ആദിസനാതന ദേവീദേവതാ ധർമ്മം ഇല്ലാതാവുന്നത്, പിന്നീട് ഒരു ധർമ്മത്തിന്റെ സ്ഥാപന ആരാണ് ചെയ്യുന്നത് ഇതെല്ലാം ഈ ചിത്രങ്ങളിലൂടെ മനസ്സിലാക്കികൊടുക്കാൻ സാധിക്കും. മറ്റെല്ലാ  ധർമ്മങ്ങളും അവസാനിക്കുന്നു. ഏറ്റവും മുകളിൽ ശിവബാബ,  പിന്നീട് ബ്രഹ്മാ, വിഷ്ണു, പിന്നെ വിഷ്ണു തന്നെ ബ്രഹ്മാ. ഇത് മനസ്സിലാക്കേണ്ടതാണ്. ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്  അതിന് വേണ്ടിയാണ്, സൂക്ഷ്മവതനം കേവലം സാക്ഷാത്ക്കാരത്തിന് വേണ്ടിയാണ്. ബാബ സൂക്ഷ്മവതന ത്തിന്റെയും സ്ഥൂലവതനത്തിന്റെയും രചയിതാവാണ്. ബ്രഹ്മാവ് ദേവതയല്ല, വിഷ്ണു ആണ് ദേവത. നിങ്ങൾക്ക് സാക്ഷാത്ക്കാരം ഉണ്ടാകുന്നത് മനസ്സിലാക്കികൊടുക്കുന്നതിന് വേണ്ടിയാണ്. പ്രജാപിതാ ബ്രഹ്മാവ് ഇവിടെയാണല്ലോ ബ്രാഹ്മണനിൽ നിന്നും ദേവതയായി മാറുന്നവരായ കുട്ടികൾ ബ്രഹ്മാവിനോടൊപ്പമാണുള്ളത്. ദേവതകൾ അലങ്കരിക്കപ്പെട്ടവരാണ്, ഇവരെയാണ് ഫരിസ്ത എന്ന് പറയുന്നത്.

ഫരിസ്തയായി മാറിയശേഷം ദേവതയാവുന്നു. ഗർഭ കൊട്ടാരത്തിൽ ജന്മമെടുക്കുന്നു. ലോകം മാറികൊണ്ടിരിക്കുകയാണ്. മുന്നോട്ട് പോകുന്തോറും നിങ്ങൾക്ക് എല്ലാം കാണാൻ സാധിക്കും. നല്ല ശക്തിശാലികളായി മാറും. നരനിൽ നിന്നും നാരായണനാകാനാണ് നിങ്ങൾ വന്നിരിക്കുന്നത്. തോറ്റുപോവുകയാണെങ്കിൽ പ്രജയായി മാറും. സന്യാസിമാർക്കൊന്നും ഇത് മനസ്സിലാക്കിതരാൻ സാധിക്കില്ല. രാമന്റെ ആദരവ് തന്നെയാണ് ഉയർത്തിക്കൊണ്ടിരിക്കുന്നത്. അതിനാലാണ് പാടുന്നത് രാമ രാജ ..... പിന്നീടവിടെ അധർമ്മത്തിന്റെ കാര്യമെങ്ങനെയാണുണ്ടാവുക. ഇതെല്ലാം ഭക്തിമാർഗത്തിലെ കാര്യങ്ങളാണ് അതുകൊണ്ടാണ് പാടുന്നത് അസത്യമായ മായ, അസത്യമായ ശരീരം..... ധനത്തിനെയല്ല 5 വികാരം എന്ന് മായയെയാണ് പറയുന്നത്. ധനത്തിനെ സമ്പത്തെന്നാണ് പറയുന്നത്. ആരെയാണ് മായ എന്ന് പറയുന്നതെന്നുപോലും മനുഷ്യർക്കറിയില്ല. മധുര മധുരമായ കുട്ടികൾക്ക് ബാബയിത് മനസ്സിലാക്കിതരുകയാണ്.

ബാബ പറയുകയാണ് ഞാൻ പരമാത്മാവ് നിങ്ങളെ എന്നേക്കാൾ ഉയർന്ന വിശ്വത്തിന്റെ അധികാരിയാക്കുകയാണ്. നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. എത്ര ഉയർന്ന പഠിപ്പാണ്. യുദ്ധമില്ലാതെ തന്നെ ദേവതയായി മാറുന്നു. സത്യയുഗത്തിൽ ദേവതകളും കലിയുഗത്തിൽ മനുഷ്യരുമാണുണ്ടാവുക. മനുഷ്യരിൽ നിന്ന് ദേവതയായി മാറികൊണ്ടിരിക്കുന്ന സംഗമയുഗത്തിലാണ് നിങ്ങളിപ്പോളിരിക്കുന്നത്. എത്ര സഹജമാണ്. തീർച്ചയായും പവിത്രമായി മാറണം, പ്രജയേയും ഉണ്ടാക്കണം. സത്യയുഗത്തിൽ എത്രയധികം പ്രജകളുണ്ടോ അത്രയും പ്രജകളെ കല്പ-കല്പം നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സത്യയുഗം ഉണ്ടായിരുന്നു, ഇപ്പോഴില്ല, പിന്നീട് ഉണ്ടാവും. ഈ ലക്ഷ്മീ നാരായണൻ വിശ്വത്തിലെ അധികാരിയായിരുന്നു എന്നതിന്റെ ചിത്രമുണ്ടല്ലോ. ബാബ പറയുകയാണ് - ഈ ജ്ഞാനം ഇപ്പോഴാണ് നൽകുന്നത് പിന്നീട് ഇല്ലാതാകും ദ്വാപരയുഗത്തിൽ ഭക്തി ആരംഭിക്കും, രാവണരാജ്യം വരുന്നു. സൃഷ്ടി ചക്രം എങ്ങനെ കറക്കണം എന്നതിനെ കുറിച്ച് വിദേശത്തുള്ളവർക്കും മനസ്സിലാക്കികൊടുക്കണം. ലക്ഷ്മിനാരായണന്റെ ചിത്രവുമായി മറ്റു ധർമ്മത്തിലുള്ളവർക്ക് ബന്ധമില്ല, അതുകൊണ്ട് ബാബ പറയുകയാണ് ത്രിമൂർത്തിയുടെയും വൃക്ഷത്തിന്റെയും ചിത്രം പ്രധാനമാണ്. ഇത് വളരെ നല്ലതാണ്. ക്രിസ്തു വന്നതെപ്പോഴാണ്, മറ്റ് ധർമ്മങ്ങൾ എപ്പോൾ വന്നു എന്നുള്ളതെല്ലാം സൃഷ്ടിചക്രത്തിലൂടെയും കല്പ വൃക്ഷത്തിലൂടെയും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. പകുതി കല്പം നിങ്ങൾ സൂര്യവംശീ ചന്ദ്രവംശികളും ബാക്കി പകുതി കല്പം മറ്റ് ധർമ്മങ്ങളും. 5000 വർഷത്തിന്റെ കളിയാണ്. ജ്ഞാനം, ഭക്തി, വൈരാഗ്യം. ജ്ഞാനം പകലും ഭക്തി രാത്രിയുമാണ്. പിന്നീട് പരിധിയില്ലാത്ത വൈരാഗ്യം ഉണ്ടാകുന്നു. ഈ പഴയ ലോകം അവസാനിക്കാൻ പോവുകയാണെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ടിതിനെ മറക്കണം. പതീത പാവനൻ ആരാണെ ന്നുള്ളതും വ്യക്തമാക്കണം. പതീത പാവനൻ സീതാറാം എന്ന് രാവും പകലും പാടികൊണ്ടിരിക്കുകയാണ്. ഗാന്ധിജിയും ഗീത പഠിച്ചിരുന്നു, അദ്ദേഹവും ഇങ്ങിനെ പാടിയിരുന്നു -ഹേ, പതീത പാവനാ സീതാറാം. കാരണം നിങ്ങളെല്ലാ സീതമാരും വധുവാണല്ലോ. ബാബ വരനാണ്. എന്നിട്ടും പറയുകയാണ് രഘുപതി രാഘവ രാജാറാം എന്ന്. അപ്പോൾ അത് ത്രേതായുഗത്തിലെ രാജാവാണ്. എല്ലാ കാര്യങ്ങളും ആശയക്കുഴപ്പത്തിലാക്കിയിരിക്കയാണ്. എല്ലാവരും കൈയ്യടിച്ച് പാടികൊണ്ടിരിക്കുകയാണ്. ഞാനും(ബ്രഹ്മാബാബ) പാടിയിരുന്നു, ഒരു വർഷം ഖാദി വസ്ത്രവും ധരിച്ചു. ബാബ മനസ്സിലാക്കി തരുകയാണ് ഇദ്ദേഹവും ഗാന്ധിജിയുടെ അനുയായിയായിരുന്നു, ഇവരും എല്ലാം അനുഭവിച്ചിട്ടുണ്ട്. ഫസ്റ്റിൽ നിന്ന് ലാസ്റ്റായി മാറി. ഇപ്പോൾ വീണ്ടും ഫസ്റ്റാവും. എവിടെയെല്ലാമാണ് ബ്രഹ്മാവിനെ ഇരുത്തിയിരിക്കുന്നതെന്ന് നിങ്ങളോടും പറയാറുണ്ട്. വൃക്ഷത്തിന്റെ മുകളിലാണ് എന്ന് മനസ്സിലാക്കി കൊടുക്കണം. ഈ പതീത ലോകത്തിന്റെ അവസാനത്തിലാണ് നിൽക്കുന്നതെന്ന് വളരെ വ്യക്തമാണ്. മുകളിലാണ് ശ്രീകൃഷ്ണനെ കാണിച്ചിരിക്കുന്നത്. രണ്ടു പൂച്ചകൾ തമ്മിൽ അടികൂടി വെണ്ണ കഴിച്ചത് കൃഷ്ണനാണ്. മാതാക്കൾക്ക് സാക്ഷാത്ക്കാരം ലഭിച്ചു, അവർ കരുതുന്നു, കൃഷ്ണന്റെ വായിൽ വെണ്ണ അഥവാ ചന്ദ്രനെക്കണ്ടു. വാസ്തവത്തിൽ വായിൽ ചക്രവർത്തി പദവിയാണ് കണ്ടത്. പൂച്ചകൾ തമ്മിൽ അടികൂടി നിങ്ങൾ ദേവതകൾക്ക് വെണ്ണ ലഭിക്കുന്നു. ഇതാണ് വിശ്വത്തിന്റെ ചക്രവർത്തി പദവിയാകുന്ന വെണ്ണ. മനുഷ്യർ പെട്ടെന്നു മരിക്കാനുള്ള വസ്തുക്കളാണ് കണ്ടുപിടിക്കുന്നത്, ബോംബ് ഉണ്ടാക്കുന്ന കാര്യത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്, നിലവിളിച്ചുകൊണ്ടിരിക്കുകയില്ല. എങ്ങനെയാണോ ഹിരോഷിമയിൽ ഇപ്പോഴും മനുഷ്യർ മരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബാബ മനസ്സിലാക്കി തരുകയാണ്, മധുരമധുരമായ കുട്ടികളെ അരകല്പം നിങ്ങൾ സുഖികളായിരിക്കും, പിന്നീടാണ് യുദ്ധം മുതലായവ ഉണ്ടാകുന്നത്. ഇതൊന്നും ഉണ്ടായിരുന്നില്ല, ഉണ്ടായിരിക്കുകയുമില്ല. ചക്രം ആവർത്തിക്കണമല്ലോ! ബാബ നല്ല രീതിയിൽ മനസ്സിലാക്കി തരുന്ന കാര്യങ്ങൾ കുട്ടികൾ നല്ലരീതിയിൽ ധാരണ ചെയ്ത് ഈശ്വരീയ സേവനത്തിൽ ഉപയോഗിക്കണം. ഈ മോശമായ ലോകത്തെയാണ് വിഷയ വൈതരണി നദിയെന്നുപറയുന്നത്. എത്രത്തോളം ബാബ നിങ്ങളെ ഉയർന്നവരാണെന്നു

മനസ്സിലാക്കുന്നുണ്ടോ അത്രയും നിങ്ങൾ ഉയർന്നവരാണെന്ന് മനസ്സിലാക്കുന്നില്ല. ഉയർന്ന കുലത്തിലേതാണ് എന്ന ലഹരി നിങ്ങളിൽ ഉണ്ടായിരിക്കണം ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം :

1. ബുദ്ധിയെ ശുദ്ധമാക്കി മാറ്റുന്നതിന് വേണ്ടി ദിവസവും ജ്ഞാനാമൃതത്തിന്റെ ഡോസ് കയറ്റണം. ഓർമ്മയോടൊപ്പമൊപ്പം തീർച്ചയായും പഠിപ്പിൽ പൂർണ്ണ ശ്രദ്ധ വെയ്ക്കണം. കാരണം പഠിപ്പിലൂടെയാണ് ഉയർന്ന പദവി ലഭിക്കുന്നത്.

2. നമ്മൾ ഉയർന്ന കുലത്തിലെയാണ്, സ്വയം ഭഗവാനാണ് പഠിപ്പിക്കുന്നത്, ഈ ലഹരിയിൽ ഇരിക്കണം. ജ്ഞാനത്തെ ധാരണ ചെയ്ത് ഈശ്വരീയ സേവനത്തിൽ മുഴുകണം.

## വരദാനം – സന്തുഷ്ടതയുടെ വിശേഷതയിലൂടെ ഓരോ കാഠിന്യമുള്ള പേപ്പറും സഫല മാക്കുന്ന ദൃഢതാ സമ്പന്നരായി ഭവിക്കട്ടെ.

സന്തുഷ്ടത ബ്രാഹ്മണരുടെ വിശേഷ ലക്ഷണമാണ്. ലഭിച്ച പാർട്ടിൽ സന്തോഷത്തോടെ ഇരിക്കുന്നത് ത ന്നേയാണ് മുന്നേറൽ. എന്ത് തന്നെ മുകളിലേക്കും താഴേക്കും കൊണ്ട് പോയാലും, ആരെങ്കിലും അപമാ നിച്ചാലും, ദാതാവിന്റെ മക്കൾ ഏതൊരു കാര്യത്തിലും അസന്തുഷ്ടരാകില്ല. അവർ സ്വയത്തിലും സന്തു ഷ്ടരായിരിക്കും മറ്റുള്ളവരിലും സന്തുഷ്ടരായിരിക്കും. അതിനായി എത്ര കഠിനമായ പേപ്പർ വന്നാലും എ നിക്ക് സന്തോഷത്തോടെ ഇരിക്കുക തന്നെ വേണം എങ്കിൽ സഫലതയുണ്ടാകും എന്ന് ദൃഢ സങ്കൽപ്പം ചെയ്യൂ .

## സ്ലോഗൻ – ആരുടെ ഹൃദയത്തിലാണോ സന്തോഷത്തിന്റെ സൂര്യൻ ഉദിച്ചിരിക്കുന്നത് അവരാണ് സന്തുഷ്ടൻ.